കേരള സർക്കാർ

<u>സംഗ്രഹം</u>

ന്യൂനപക്ഷ ക്ഷേമം - പാലൊളി മുഹമ്മദ് കുട്ടി കമ്മിററി ശുപാർശ - അഭ്യസ്തവിദ്യരായ മുസ്ലീം യുവജനതയ്ക്ക് കോഴിക്കോട് ജില്ലയിൽ പരിശീലനകേന്ദ്രം ആരംഭിക്കുന്നതിനാവശ്യമായ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുഭരണ (ന്യൂനപക്ഷ സെൽ) വകുപ്പ്

**സ.ഉ.(കൈ)നം.227/2009/പൊഭവ** **തിരുവനന്തപുരം, തീയതി: 3.10.2009.**

പരാമർശം - 1) 16.8.2008- ലെ സ.ഉ (കൈ) നം.278/2008/പൊഭവ സർക്കാർ ഉത്തരവ്.
2) 25.7.09 - ലെ ഉന്നതതല യോഗതീരുമാനം.

## ഉത്തരവ്

ന്യൂനപക്ഷ ക്ഷേമം സംബന്ധിച്ചുള്ള സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്മേൽ സർക്കാരിന് പാലോളി മുഹമ്മദ് കുട്ടി കമ്മിററി സമർപ്പിച്ച ശുപാർശകളനുസരിച്ച് സിവിൽ സർവ്വീസ്, യു.പി.എസ്.സി, പി.എസ്.സി, ബാങ്കിംഗ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയ പരീക്ഷകൾക്കുള്ള ഹ്രസ്വകാല പരിശീലനങ്ങൾ നൽകുന്നതിന് പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി നടത്തിവരുന്ന പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളുടെ മാതൃകയിൽ സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ/കാസർകോഡ് എന്നീ ജില്ലകളിൽ അഞ്ച് പരിശീലനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പരാമർശം ഒന്ന് പ്രകാരം സർക്കാർ ഉത്തരവായി. അതനുസരിച്ച് ആദ്യ പരിശീലനകേന്ദ്രം കോഴിക്കോട് ജില്ലയിൽ സംസ്ഥാന ഹജ്ജ് ഹൗസിൽ ആരംഭിക്കുന്നതിനും പ്രസ്തുത കേന്ദ്രത്തിലേയ്ക്കാവശ്യമായ ഒരു പ്രിൻസിപ്പൽ (യു.ജി.സി), ഒരു ലോവർ ഡിവിഷൻ ക്ലാർക്ക്, ഒരു കമ്പ്യൂട്ടർ ഓപ്പറേറർ, ഒരു അററൻഡർ/പ്യൂൺ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനും 25.7.09 - ലെ ഉന്നതതല യോഗത്തിൽ തീരുമാനിച്ചു.

2. അഭ്യസ്തവിദ്യരായ മുസ്ലീം യുവജനതയ്ക്ക് യു.പി.എസ്.സി, പി.എസ്.സി, ബാങ്കിംഗ് സർവ്വീസ്, എൻട്രൻസ് തുടങ്ങിയ പരീക്ഷകൾക്കുള്ള ഹ്രസ്വകാല പരിശീലനങ്ങൾ നൽകുന്നതിന് കോഴിക്കോട് ജില്ലയിൽ ഒരു പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനും, പ്രസ്തുത കേന്ദ്രത്തിലേയ്ക്കാവശ്യമായ താഴെപ്പറയുന്ന തസ്തികകൾ കോളേജ് വിദ്യാഭ്യാസ വകുപ്പിലെ തത്തുല്യ തസ്തികകളുടെ അഡീഷൻ ടു കേഡർ ആയി സൃഷ്ടിച്ചുകൊണ്ടും സർക്കാർ ഉത്തരവാകുന്നു.

| ക്രമ നമ്പർ | തസ്തികയുടെ പേര് | തസ്തികകളുടെ എണ്ണം | ശമ്പള സ്കെയിൽ (രൂപ) |
|---|---|---|---|
| 1 | പ്രിൻസിപ്പൽ (യു.ജി.സി) | 1 | 12,000 - 18,300 |
| 2 | എൽ.ഡി.ക്ലാർക്ക് | 1 | 5250 - 8390 |
| 3 | കമ്പ്യൂട്ടർ ഓപ്പറേറർ | 1 | 6680 - 10,790 |
| 4 | അററൻഡർ/പ്യൂൺ | 1 | 4510 - 6230 |

3. മേൽപ്പറഞ്ഞിട്ടുള്ളതിൽ പ്രിൻസിപ്പൽ തസ്തികയിൽ ഡപ്യൂട്ടേഷൻ അടിസ്ഥാനത്തിലും എൽ.ഡി.ക്ലാർക്ക്, കമ്പ്യൂട്ടർ ഓപ്പറേറ്റർ എന്നീ തസ്തികകൾ ഒരുമിച്ച് ചേർത്ത് ഓപ്പൺ മാർക്കററിൽ നിന്ന് കരാറടിസ്ഥാനത്തിലും നിയമനം നടത്തേണ്ടതാണ്.

4. കോഴിക്കോട് ജില്ലയിൽ ആരംഭിക്കുന്ന ടി പരിശീലന കേന്ദ്രം കോഴിക്കോട്ടുള്ള സംസ്ഥാന ഹജ്ജ് ഹൗസിൽ തൽക്കാലം പ്രവർത്തിക്കുന്നതാണ്.

5. ഇതിലേയ്ക്കാവശ്യമായ ചെലവ് '2225-03-800-93 (നോൺ പ്ലാൻ)' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

നീലാ ഗംഗാധരൻ,
ചീഫ് സെക്രട്ടറി

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, വിവര - പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിററ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (27.8.2009- ലെ 55084/WW1/09/ഫിൻ പ്രകാരം)
ഉന്നത വിദ്യാഭ്യാസ വകുപ്പ്.
പൊതുഭരണ (എസ്.സി) വകുപ്പ് 30.09.2009- ലെ ഇനം നം.3776 പ്രകാരം)
പകർപ്പ്:- ബഹു: മുഖ്യമന്ത്രിയുടെ പ്രൈവററ് സെക്രട്ടറിക്ക്.
ബഹു: തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവററ് സെക്രട്ടറിക്ക്.
പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.